# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3638 11.12.2018 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളിൽ ഏകീകൃത പരീക്ഷാ റിസൾട്ട് പ്രഖ്യാപനം.**

*ചോദ്യം*

ശ്രീ.കെ.ജെ. മാക്സി

*ഉത്തരം*

**ശ്രീ.കെ.ടി.ജലീൽ**

**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )**

| | | | |
|---|---|---|---|
| (എ) | കോളേജുകളിലെ പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിയ്ക്കുന്നതിന്റെ ഭാഗമായി ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ള സിലബസ്സ് പരിഷ്കരണം, കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽ നിയമനം, നാക് അക്രഡിറ്റേഷൻ, സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പരീക്ഷ വിവരങ്ങൾ നൽകൽ എന്നിവ എപ്രകാരംനടപ്പാക്കാനാണ് നിർദ്ദേശം എന്ന് വെളിപ്പെടുത്താമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനുമാണ് ശ്രമിച്ചുവരുന്നത്. ഇതിനായുള്ള പരിശീലനം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ.ജെ റാവുവിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിവരുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ തലത്തിലുള്ള അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷനും തയ്യാറാക്കുന്നതോടൊപ്പം സംസ്ഥാനത്ത് നിലനിൽക്കുന്ന സവിശേഷമായ സാമൂഹിക, ഭൗതിക, അക്കാദമിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും സ്ഥാപനങ്ങളെ SAAC വിലയിരുത്തുക. വിദ്യാർത്ഥികളുടെ പരീക്ഷാവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിലൂടെ അറിയാവുന്നതാണ്. |

.........2

| | | | |
|---|---|---|---|
| (ബി) | വിവിധ യൂണിവേഴ്സിറ്റികൾ ഒരേ കോഴ്സിന് പല സമയങ്ങളിൽ പരീക്ഷാനടത്തിപ്പും റിസൾട്ട് പ്രഖ്യപനവും നടത്തി വിദ്യാർത്ഥികളുടെ തുടർപഠനങ്ങൾക്ക് തടസ്സം സൃഷ്ടിയ്ക്കുന്നത് ഒഴിവാക്കാനായി ഒരു ഏകീകൃത പരീക്ഷാ-റിസൾട്ട് പ്രഖ്യാപനം കൊണ്ടുവരാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്തെ സർവ്വകലാശാല-കൾക്കായി ഏകീകൃത പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി സർവ്വകലാശാല-കോളേജ് തലത്തിലെ അക്കാദമിക-പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നടപടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. |
| (സി) | പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും റിസൾട്ട് പ്രഖ്യാപനവും കുറ്റമറ്റതാക്കാനും മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികളിൽ നിന്നും അധിക ഫീസ് ഈടാക്കുന്നത് തടയുവാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ? | (ഡി) | കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികളിൽ നിന്നും അധിക ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ